7

# അവന്റെ മനുഷത്വം ബൈബിളിനു പുറത്തു തെളിയിക്കപ്പെട്ടു

വളരെ കാര്യങ്ങൾ യേശുവിന്റെ ദൈവികത്വത്തെ കുറിച്ചു നാം കണ്ടു. ദൈവികത്വത്തെകുറിച്ചു നാം സംസാരിക്കുമ്പോൾ, നാം പരമോന്നതനായ, ദൈവത്തെയാണ് സംസാരിക്കുന്നത്. നാം ദൈവത്തെ വ്യക്തിയായി തിരിച്ചറിയുമ്പോൾ, നാം പിതാവായ ദൈവം, പുത്രനായ ദൈവം, ആത്മാവായ ദൈവം എന്നിവരെയാണ് സംസാരിക്കുന്നത്. യേശു പുത്രനായ ദൈവം ആണെന്നു നാം കണ്ടു. യേശു ദൈവത്തിന്റെ അവതാരമാണ്; ദൈവം – ജഡത്തിൽ – ആയത്. യേശുവിന്റെ *മനുഷത്വത്തെ* നിഷേധിക്കുന്നവരാണ് ഡൊസെറ്റിക്സ് കാരണം അവൻ വിശ്വസിക്കുന്നത് ദൈവത്തിനു (നിർമ്മലമായ ആത്മാവു) തന്നെ അവിശുദ്ധമായ വസ്തുവാൽ (ജഡം) തിരിച്ചറിയാൽ സാധ്യമല്ല എന്നാണ്. അതൊരു മത നിന്ദയായിരുന്നു; ഇപ്പോഴും അങ്ങനെ തന്നെ. എന്തുകൊണ്ടാണ് ഈ കുഴപ്പം? ദൈവം രക്ഷകൻ അല്ലേ? യേശു മനുഷ്യനായിരുന്നു എന്നു മനസ്സിലാക്കേണ്ടതിന്റെ പ്രാധാന്യം എന്താണ്?

ദൈവം ജഡമായിത്തീർന്നതു *മനുഷ്യരെ രക്ഷിക്കുന്നതിനാണ് എന്നു തിരിച്ചറിയുമ്പോൾ* യേശുവിന്റെ മനുഷ്യത്വം നമ്മെ അത്ഭുതപ്പെടുത്തും. ജീവൻ രക്തത്തിലാണെന്നു മനുഷ്യരെ ആരംഭത്തിൽ പഠിപ്പിച്ചിരുന്നു പാപങ്ങൾക്കുള്ള യാഗത്തിനു രക്തം അനിവാര്യമായിരുന്നു, എങ്കിലും മൃഗങ്ങളുടെ രക്തം പാപം നീക്കിയിരുന്നില്ല (ലേവ്യാപുസ്തകം 17:11; എബ്രായർ 10:4). അതുകൊണ്ടു, അതുകൊണ്ടു, പാപ പങ്കിലമായ നമ്മുടെ അവസ്ഥയിൽ നിന്നു നമ്മെ രക്ഷിക്കുവാൻ, നമുക്കു സാധ്യമല്ലാത്തതു കൊണ്ടു, പുത്രനായ ദൈവം തികഞ്ഞ രക്തയാഗം, പാപമില്ലാത്ത, പരിധിയില്ലാത്ത

ഫലമുള്ള രക്ത യാഗം സമർപ്പിച്ചു (എബ്രായർ 9:11-14). അടയാളപ്പെടുത്തുക! ക്രൂശിൽ ചിന്തിയ രക്തം ഒരു തരത്തിലും "ദൈവീകം" അല്ലായിരുന്നു. ആ ശരീരം അമാനുഷവും ആയിരുന്നില്ല. യേശുവിന്റെ ക്രൂശിലെ മരണം ദൈവത്തിന്റെ മരണം ആയിരുന്നില്ല. അതു, *ഒരു മനുഷ്യന്റെ* മരണം ആയിരുന്നു. അതു ആവശ്യമായ *യാഗം* ആയിരുന്നു. (പിതാവു പുത്രനെ അതിനു കീഴ്പ്പെടുത്തിയോ, അതിനേക്കാൾ വില കുറഞ്ഞ യാഗം മതിയായിരുന്നോ?) അതുകൊണ്ടു, യേശുവിന്റെ മനുഷ്യത്വം നിഷേധിക്കുന്നതു, ഫലത്തിൽ, നമ്മുടെ തന്നെ രക്ഷ നിരസിക്കുകയാണ്. യേശുവിന്റെ ദൈവികത്വവും മനുഷ്യത്വ പ്രാധാന്യവും നോക്കിയില്ല, നാം ഇനി അവന്റെ ചരിത്രവും മനുഷ്യത്വവും ഉറപ്പിക്കുന്ന രേഖകൾ നോക്കാം.

പുത്രനായ ദൈവത്തെ കുറിച്ചു ബൈബിൾ എന്തു പറയുന്നു എന്നതാണ് നമുക്കു കാര്യമായിട്ടുള്ളത്. എങ്ങനെയായാലും, വ്യാഴവട്ടങ്ങളിലെ പ്രസംഗങ്ങളുടേയും ഉപദേശങ്ങളുടേയും കാലയളവിൽ ഉയർന്നു വന്ന ചോദ്യം യേശുവിൻരെ അസ്തിത്വത്തിനു ബൈബിളിനു പുറത്തു തെളിവുണ്ടോ എന്നതാണ് യേശു ലോകത്തിൽ ഉണ്ടായിരുന്നു എന്നതിന്റെ ഒരു ചിത്രീകരണം ആണ് കലണ്ടർ വർഷം!

ചോദ്യകർത്താക്കൾ പ്രതീക്ഷിക്കുന്നതു സാഹിത്യ തെളിവാണ്. ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചു "ബൈബിളിനു പുറത്തു" നിന്നു തെളിവുകളെ സംശയിക്കുന്നവരുടെ ഗുണത്തിനായി, ചുരുക്കമായി ചില എഴുതപ്പെട്ട ചില വിഭവങ്ങൾ കാലത്തിനു നശിപ്പിക്കാൻ കഴിയാതിരുന്നതു നമുക്കു പരിശോധിക്കാം ഈ രേഖകളെ നാം വ്യാഖ്യാനിക്കയോ അല്ലെങ്കിൽ വിലയിരുത്തുകയോ അല്ല ചെയ്യുന്നത് ബൈബിളിന്നു പുറത്തു യേശുവിനെ കുറിച്ചു പറയുന്നത് എന്നതിനു തെളിവുകളായി അവ നല്കുന്നു എന്നു മാത്രം.

യേശു പ്രത്യേകിച്ചു മിക്കവാറും ഒരു യെഹൂദനായി യെഹൂദന്മാർക്കിടയിൽ ജീവിച്ചു പ്രവർത്തിച്ചു, യേശു ക്രിസ്തു ജീവിച്ചിരുന്നതു നിഷേധിക്കുവാൻ ഒരു യെഹൂദനും തയ്യാറായില്ല എന്നു ശ്രദ്ധിക്കേണ്ടതാണ്. മറിച്ചു, ബൈബിളിനു ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു യെഹൂദ ചരിത്രകാരൻ; തന്റെ *ആന്റികിറ്റീസ് ഓഫ് ദ ജ്യൂസ്* എന്ന പുസ്തകത്തിൽ താഴെ പറയുന്ന രേഖപ്പെടുത്തിയിരിക്കുന്നു:

> നാം മനുഷ്യനെന്നു വിളിക്കണമെങ്കിൽ, ഈ കാലത്ത്, ബുദ്ധിമാനായ ഒരു മനുഷ്യൻ എഴുന്നേറ്റു. അവൻ അത്ഭുതപ്രവൃത്തികൾ ചെയ്യുന്ന വ്യക്തിയും (അത്ഭുതങ്ങൾ), സന്തോഷത്തോടെ സത്യം ഉപദേശിക്കുന്നവനും ആയിരുന്നു. അവൻ അനേകം യെഹൂദന്മാരെയും യവനന്മാരെയും നയിച്ചു കൊണ്ടിരുന്നു. അവൻ ക്രിസ്തു ആയിരുന്നു.[1]

യേശു ഒരു ചരിത്ര വ്യക്തി ആയിരുന്നു എന്നാണ് റോമൻ എഴുത്തുകളും സൂചിപ്പിക്കുന്നത്. ഏ.ഡി. 120 വരെ ജീവിച്ചിരുന്ന ഒരു

റോമൻ ചരിത്രകാരനായിരുന്നു ടാസിറ്റസ് ഏ.ഡി.64–ൽ റോമിനെ അധികവും തീ കൊണ്ടും, നശിപ്പിച്ചതിനെ എഴുതിയപ്പോൾ, റോമിൽ താമസിച്ച ക്രിസ്ത്യാനികളായിരുന്നു ഇതിന്റെ പിന്നിൽ എന്ന് നീറോ കുറ്റപ്പെടുത്തിയതായി പറയുന്നു:

> അനന്തര ഫലമായി, വിവരങ്ങൾ മറക്കുവാൻ [റോമിൽ തീയിട്ടത് അവനായിരുന്നു എന്നു അവനെ കുറ്റപ്പെടുത്തിയിരുന്നു], നീറോ ആളുകളുടെ മേൽ ചുമത്തി, നമ്മുടെ നടുവഴിയായിരുന്ന പിലാത്തൊസിന്റെ കാലത്തു പരമാവധി ശിക്ഷിക്കപ്പെടുകയും കഷ്ടപ്പെടുത്തുകയും ചെയ്തവരായിരുന്നു ക്രിസ്ത്യാനികൾ, ...[2]

യെഹൂദ റോമാ വിഭവങ്ങളിൽ നിന്നു, വേറെയും തെളിവുകൾ എടുക്കുവാൻ നമുക്കു കഴിയുമെങ്കിലും നിങ്ങളുടെ ഉദ്ദേശം നിറവേറ്റുവാൻ ഇത്രയും മതിയാവും. ചരിത്രത്തിൽ ഒരു പ്രത്യേക സമയത്തും സ്ഥലത്തും ജീവിച്ച വ്യക്തിയായിരുന്നു യേശു. ഇത് ബൈബിളിൽ നിന്നും പുറത്തുള്ള സാഹിത്യ വിഭവങ്ങളിൽ നിന്നും പരിശോധിക്കാം – അവ എഴുതിയിരിക്കുന്നതു ആദ്യ ക്രിസ്തീയ പ്രസ്ഥാനത്തിനു വിരോധികളായിരുന്നു എന്നോർക്കും ചിലർ വിമർശനത്താൽ അക്രമിച്ചു എഴുതിയതാണെങ്കിലും യേശുവിനെ കുറിച്ചു അവൻ പറഞ്ഞിരുന്നു എന്നതു ബൈബിളിനു – പുറത്തുള്ള തെളിവാണ്. പിലാത്തൊസ്, തിബര്യാസ്, എന്നീ ചരിത്രപുരുഷന്മാരാടൊത്തു ജോസെഫനും ടാസ്റ്റസും യേശു ജീവിച്ചില്ലെങ്കിൽ യേശുവിനെ കുറിച്ചു എഴുതുവാൻ എങ്ങനെ കഴിയും?

"യേശു വളരെ നല്ല മനുഷ്യനും" ആയിരുന്നു എന്നു പുരാതന വിശ്വാസ പ്രമാണങ്ങൾ വിവരിക്കുന്നു ഇതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവസ്ഥയും. ഈ അതിരു കവിഞ്ഞ സത്യം പ്രാരംഭ സുവിശേഷ പ്രഖ്യാപനത്തിൽ, നിന്നുണ്ടായതാണ് ഉരുത്തിന്നു വന്നതും അതിൽ അധികവും പഴയ നിയമകാര്യങ്ങളും, ഏ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ പകുതിയോളമുള്ള തിരുവെഴുത്തു പഠനത്തിൽ നിന്നു വന്നതാണ്.

---

കുറിപ്പുകൾ

[1]ജോസഫസ് *ആന്റികിറ്റിസ്* തഢശശശ. 3.3; ഉദ്ധരിച്ചിരിക്കുന്നത് എവറെറ്റ് എഫ് ഹാരിസൺ, *ഏ ഷോർട്ട് ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്.: ഡബ്ലിയു എം. ബി. എർഡ്മാൻസ് പബ്ലിഷിങ് കമ്പനി. 1968), 17. [2]ടാസിറ്റസ് അന്നൽസ് തഢ. XV. 44; ഉദ്ധരിച്ചിട്ടുണ്ട് മോസെസ് ഹഡാസ്, എഡി., *ദ കംപ്ലീറ്റ് വർക്സ് ഓഫ് ടാസികസ്*, ഏ മോഡേൺ ലൈബ്രറി ട്രാൻസ്. എ.ജെ. ചർച്ച് ആന്റ് ഡബ്ലിയു ജെ. ബ്രോഡ് റിബ്ബ് (ന്യൂയോർക്ക്: റാന്റം ഹൗസ്, 1942), 380–81. കൂടാതെ സി. മിലോ കോണിക്, *ജീസസ്: ദ മാൻ, ദ മിഷൻ, ആന്റ് ദ മെസേജ്*, 2–ാം എഡി. (ഏൻജ് ലെ വുഡ് ക്ലഫ്സ്, എൻ.ജെ. പ്രെന്റിസ് – ഹാൾ, 1974), 59.


© 2009 Truth for Today